# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *131 — 05.02.2019 -ലെ മറുപടിയ്ക്ക്

## ഉന്നതവിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി

**ചോദ്യം**

ശ്രീ. ഐ. ബി. സതീഷ്
,, എ. എൻ. ഷംസീർ
,, ആന്റണി ജോൺ
,, പി. ടി. എ. റഹീം :

**ഉത്തരം**

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്താനായി നിലവിലുള്ള സർവകലാശാലകളെയും കോളേജുകളെയും മെച്ചപ്പെടുത്തി പുതിയ ഉന്നത വിദ്യാപീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് കേരളത്തെ അറിവിന്റെ കേന്ദ്രമാക്കുകയെന്ന ലക്ഷ്യപ്രാപ്തിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോളേജുകളും സർവ്വകലാശാലകളും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 .9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും, കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിയ്ക്ക് അനുമതി നൽകി കഴിഞ്ഞു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, |

| | | | |
|---|---|---|---|
| | | | കുസാറ്റ് , മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം , പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ ഗവേണൻസ് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.<br><br>സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു.<br><br>ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു വേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെയും 7 ഗവ. എഞ്ചിനീയറിംഗ് കോളേജുകളെയും 9 ഗവ. പോളി ടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് (Centre of Excellence) നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. |
| (ബി) | പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് നൽകലും അനിയന്ത്രിതമായി വൈകുന്നത് വിദ്യാർത്ഥികളുടെ | (ബി) | പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൊതുവെ പരീക്ഷകലണ്ടറിനനുസൃതമായാണ് നടന്നു വരുന്നത്. അസ്വാഭാവികമായ കാലതാമസം ഉണ്ടാകാറില്ല. വീഴ്ച |

| | | | |
|---|---|---|---|
| | ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | വരുത്തുന്നവർക്കെതിരെ സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ എടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ മേഖലയിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു. |
| (സി) | സംസ്ഥാനത്തെ സർവകലാശാലകളുടെ ദേശീയ റാങ്കിംഗ് ഉയർത്താനാവശ്യമായ അക്കാദമികവും ഭരണപരവുമായ നവീകരണത്തിന് വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചിരുന്നോ; എങ്കിൽ യോഗത്തിലെ പ്രധാന നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | യോഗം വിളിച്ചിരുന്നു.<br>യോഗത്തിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

റൂസ നൽകുന്ന സഹായം ചുവടെ ചേർക്കുന്നു.

- യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.

- കേരള സർവ്വകലാശാലയിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ നൽകിയിട്ടുണ്ട്.

- സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

- മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന്, 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- 30 ഗവ. ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ-ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.

- **'ശാസ്ത്രയാൻ-2018'** എന്ന പദ്ധതി ഒരു നൂതന ആശയമായി റൂസ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളുടെയും കോളേജു-കളുടെയും അക്കാദമിക് – ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാക്കുന്നതിന് വേണ്ടിയുള്ള "ഓപ്പൺ ഹൗസ്" പ്രോഗ്രാമാണ് ശാസ്ത്രയാൻ. പ്രസ്തുത പദ്ധതിയിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും സമീപ പ്രദേശത്തുള്ള പൊതുസമൂഹത്തിന് സ്ഥാപനം നേടിയ ഗവേഷണനേട്ടങ്ങൾ നേരിട്ട് അനുഭവിക്കുവാൻ സാധിക്കുന്നു.

സംസ്ഥാനത്തെ 6 യൂണിവേഴ്സിറ്റികളിലും 20 ഗവ. ആർട്സ് & സയൻസ് കോളേജുകളിലും കേരള യൂണിവേഴ്സിറ്റിക്ക കീഴിലെ യു.ജി.സി.- അക്കാദമിക് സ്റ്റാഫ്

കോളേജിനും റൂസയുടെ ധനസഹായം പ്രത്യേകിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനുമായി നല്കിവരുന്നു. പൊതുവിൽ പ്രസ്തുത തുകയുടെ **35%** പുതിയ നിർമ്മാണ പ്രവർത്തികൾക്കും **35%** പുനരുദ്ധാരണ പ്രവർത്തികൾക്കും **30%** അക്കാദമിക് മികവ് ഉയർത്തുവാൻ വേണ്ട വാങ്ങലുകൾക്കുമാണ് പ്രസ്തുത ധനസഹായം വിനിയോഗിക്കുന്നത്. അനുവദിക്കപ്പെട്ട തുക മാനദണ്ഡങ്ങൾക്കനുസൃതമായി യഥാസമയം വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുവാനുള്ള **2-ാം** ഘട്ടം, **3-ാം** ഘട്ടം തുകയും റൂസ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

വിദ്യാഭ്യാസമാണ് വികസനത്തിന്റെയും സ്ഥിരതയുടെയും അടിസ്ഥാനമെന്ന തിരിച്ചറിവോടെ, നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥാപനങ്ങളായി നമ്മുടെ സർവ്വകലാശാലകളെ വളർത്തിക്കൊണ്ട് വരുന്നതിനും സർവകലാശാലകളുടെ അക്കാദമിക മികവിനും ബാഹ്യ സ്വാധീനങ്ങ ൾക്ക് വിധേയമാകാതെ സധൈര്യംവേറിട്ട തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവരാ ക്കി മാറ്റുന്നതിനാണ് വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചുചേർക്കുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുള്ള കർമ്മപരിപാടികളാണ് ഇത്തരം യോഗങ്ങളിൽ ആവിഷ്ക്കരിക്കുന്നത്. ഇതിനായി സസ്ഥാനത്തെ ഓരോ സർവ്വകലാശാലയുടെയും പ്രവർത്തനം സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. ദേശീയ അന്തർ ദേശീയ പ്രാധാന്യമുള്ള ഏതാനും സർവ്വകലാശാലകളും കോളേജുകളും സംസ്ഥാനത്തുണ്ടാവണം. അതിനു നല്ല അക്കാദമിക കീഴ്വഴക്കങ്ങളുള്ള സ്ഥാപനം ആവശ്യമാണ്. ആയതിന് അദ്ധ്യാപന അദ്ധ്യയന മേഖല ഉയർന്ന അക്കാദമിക കീഴ്വഴക്കങ്ങളുടെ പേരിലറിയപ്പെടുകയും അവയുടെ നിലനിൽപ്പിനായി ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന അദ്ധ്യാപകരുണ്ടാവുകയും ചെയ്യണം. അറിവും കഴിവും നിരന്തരം മെച്ചപ്പെടുത്തിയും പ്രയോജനപ്പെടുത്തിയും അർപ്പണബോധത്തോടെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം വർദ്ധിക്കണം. സ്ഥാപനത്തിന്റെ ഉയർന്ന ധിഷണാസംസ്കാരവും അവിടുത്തെ അദ്ധ്യാപനത്തിന്റെ ഉന്നത നിലവാരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രമായി ഓരോ സർവ്വകലാശാലയും മാറണം. ജ്ഞാനോൽ പാദനത്തിനും പ്രസാരണത്തിനുമുള്ള സ്ഥാപനമായി സർവ്വകലാശാലകൾ മാറേണ്ടത് മാറിവരുന്ന ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

വിവിധ ഏജൻസികൾ നടത്തുന്ന റാംങ്കിംഗിലും അക്രഡിറ്റേഷനിലും നമ്മുടെ സർവകലാശാലകളുടെ നിലവാരവും സ്ഥാനവും സർക്കാർ ഗൗരവമായിത്തന്നെ വീക്ഷിക്കുന്ന താണ്.

- ഓരോ കാലഘട്ടത്തിനും ആവശ്യമായ അറിവും കർമ്മശേഷിയും (graduate attributes) ബിരുദധാരികൾക്ക് പകർന്നു കൊടുക്കുകയെന്നത് സർവ്വകലാശാലകളുടെ ഉത്തരവാദിത്വമാണ്. എല്ലാ സർവ്വകലാശാലകളും

graduate attributes തയ്യാറാക്കണം.

- സർവ്വകലാശാല പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതും ഇങ്ങനെ പരിഷ്കരിക്കുമ്പോൾ ഇന്റർ ഡിസിപ്ലിനറിയായി പാഠ്യ വിഷയങ്ങൾ സിലബസിൽ ഉൾക്കൊള്ളിക്കുകയും ചെയ്യേണ്ടതാണ്.

- സർവ്വകലാശാലകൾ ടെന്യുവർ ട്രാക്ക് അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കണം. ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ പ്രാബല്യത്തിൽ കൊണ്ട് വരാൻ ഇത് സഹായകമാണ്.

- പ്രോഗ്രാമുകൾ വിദേശസർവ്വകലാശാലകളുമായി സഹകരിച്ച് ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകളാ യോ ക്രെഡിറ്റ് ട്രാൻസ്ഫർ രീതിയിലോ നടത്താവുന്നതാണ്.

- ബിരുദ-ബിരുദാനന്തരബിരുദ തലത്തിലെ സിലബസ് രൂപീകരിക്കുമ്പോൾ ഗവേഷണാഭിരുചി വളർത്തുന്നതിനും സാമൂഹ്യ ഉത്തരവാദിത്വം, എക്സ്റ്റെൻഷൻ പരിപാടികൾ, തൊഴിലധിഷ്ഠിത ഘടകങ്ങൾ എന്നിവ സിലബസിൽ ഉൾപ്പെടുത്തുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി എല്ലാ സർവ്വകലാശാലകളും സിലബസ് പരിഷ്കരണ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതും സമയബന്ധിതമായി സിലബസ് പരിഷ്കരിക്കേണ്ടതുമാണ്.

- അധ്യാപകർ എം.എച്ച്.ആർ.ഡി യുടെ SPARC, IMPESS, IMPRINT സ്കീമിലും വിഖ്യാത ഫണ്ടിംഗ് ഏജൻസികളുടെ പ്രോജക്ടുകൾക്കും അപേക്ഷിക്കേണ്ടതാണ്. കൂടാതെ സർവ്വകലാശാലകൾ വ്യവസായശാലകളുമായി സഹകരണത്തിലേർപ്പെടുകയും വേണം.

- U.G.C-യും NAAC-കും നിർദ്ദേശിച്ചിട്ടുള്ളതുപോലെ എല്ലാ സർവ്വകലാശാലകളും Outcome Based Education (OBE) അഥവാ ഫലപ്രാപ്തിയിലൂന്നിയുള്ള വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കണം.

- പഠന വകുപ്പുകളിലെ അദ്ധ്യാപകർ കൃത്യമായി ക്ലാസ്സുകൾ

എടുക്കുന്നുണ്ടെന്നുറപ്പുവരുത്ത ണം.

- പഠനത്തോടൊപ്പം സി എസ് ഐ ആർ/യു ജി സി എന്നിങ്ങനെയുള്ള ദേശീയ ഫെല്ലോഷിപ്പുകളും അന്തർ ദേശീയ ഫെല്ലോഷിപ്പുകളും നേടിയെടുക്കുന്നതിനുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് നൽകണം. ഗവേഷണ ബിരുദങ്ങൾ നേടുന്നതിനു അനുവദനീയമായ സമയ പരിധി പരമാവധി അഞ്ചു വർഷമായി നിജപ്പെടുത്തേണ്ടതാണ്. ഗവേഷണം എപ്പോഴും നിലവാരമുള്ളതാവാൻ സർവ്വകലാശാലകൾ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- നിശ്ചിതഎണ്ണം ഗവേഷണ വിദ്യാർത്ഥികൾ ഇല്ലാത്ത അദ്ധ്യാപകരുടെ നിലവാരം വിലയിരുത്തുന്നതിനു ഐ.ക്യു.എ.സി പോലെയുള്ള സംവിധാനങ്ങൾ നിർബന്ധമായും ഉപയോഗിക്കേണ്ടതും അദ്ധ്യാപകർക്കായി ഫീഡ്ബാക്ക് അസ്സസ്മെന്റ് നിർബന്ധമാക്കുകയും ചെയ്യേണ്ടതാണ്.

- അദ്ധ്യാപകരുടെ അക്കാദമിക-ഗവേഷണ മേഖലകളിലെ ഉത്പാദനക്ഷമത വിലയിരുത്തുന്നതിന്റെയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി അന്താരാഷ്ട്ര ജേണലുകളിൽ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങൾ, മേജർ റിസർച്ച് പ്രൊജക്ടുകൾ, സൂപ്പർ്വൈസ് ചെയ്ത പി എച്ച് ഡി പ്രബന്ധങ്ങളുടെ എണ്ണം എന്നിവ മാനദണ്ഡമാ ക്കേണ്ട താണ്.

- വിദ്യാർത്ഥികൾക്ക് തൊഴിലവസരവും ഉപരിപഠനത്തിനുള്ള സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനു എല്ലാ വർഷവും **അക്കാദമിക കാർണിവൽ** സംഘടിപ്പി ക്കേണ്ട തും ഇതിൽ പരമാവധി അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ഗവേഷണ/അക്കാദമിക സ്ഥാപനങ്ങളെ പങ്കെടുപ്പി ക്കേണ്ട തുമാണ്.

- അഫിലിയേറ്റഡ് കോളേജുകളുടെ ഗുണ നിലവാരം നിലനിർത്തുന്നതിൽ വിട്ടുവീഴ്ച്ചകൾ പ ടില്ലാത്തതിനാൽ പ്രവേശ നം, പരീക്ഷാ നടത്തി പ്പ് , സിലബസ് പരിഷ്കര ണം തുടങ്ങിയ വിഷയങ്ങളിൽ സർവ്വകലാശാലയുടെ നേരിട്ടുള്ള മേൽ നോട്ടം കർശനമായും ഉണ്ടാ കേണ്ട താണ്. ഇതിനായി സർവ്വകലാശാലകൾക്ക് തന്നെ പുതിയ പ്രോഗ്രാമുകൾ തയ്യാറാക്കി നൽകാവുന്നതാണ്. സർക്കാരിലേക്ക്

അനുമതിക്കയക്കും മുൻപ് പുതിയ പ്രോഗ്രാമുകൾക്ക് കുറ്റമറ്റ രീതിയിലുള്ള സിലബസ് ഉണ്ടെന്നുറപ്പു വരുത്തേണ്ടത് സർവകലാശാലകളുടെ ചുമതലയാണ്.

- സിലബസ് പരിഷ്കരണത്തിനായുള്ള സമിതികളിൽ ഏറ്റവും പ്രഗത്ഭരായ അദ്ധ്യാപകരെ തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

- ഗ്രേഡിംഗ് രീതിയിൽ പരീക്ഷകളുടെ മൂല്യ നിർണ്ണയം നടത്തുമ്പോൾ അവയെ മാർക്കിലേക്ക്/ശതമാനത്തിലേക്ക് മാറ്റുന്നതിനു കുറ്റമറ്റ ഫോർമുല തയ്യാറാക്കി ഗ്രേഡ് കാർഡിന്റെ മറുവശത്ത് നൽകേണ്ടതാണ്.

- വിഭജിത വെക്കേഷനും ഉത്തര കടലാസ് ബാർ കോഡിംങ്ങും ഏർപ്പെടുത്തണമെന്നുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശം സർവ്വകലാശാലാതലത്തിൽ ചർച്ച ചെയ്യണം.

- സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനു സ്ഥിരം സംവിധാനം നടപ്പിലാക്കണം. ഇതിനായി ആട്ടോണമി അപ്രൂവൽ കമ്മിറ്റി ഈ മാസം സർക്കാർ വിളിച്ച കൂട്ടുകയാണ്.

- അഫിലിയേറ്റഡ് കോളേജുകൾ അധിക ഫീസ് ഈടാക്കുന്നത് തടയുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കണം.

- ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ അടിയന്തിരമായി നികത്തേണ്ട താണ് .

- വിദ്യാഭ്യാസ പുനരുജ്ജീവന മിഷനിലൂടെ സർക്കാർ വിഭാവനം ചെയ്യു ന്നതു പോലെ സാർവത്രിക വിദ്യാഭ്യാസത്തിൽ നിന്നും നവീന വിദ്യാഭ്യാസം എന്നത് നമ്മുടെ ലക്ഷ്യമാവേണ്ടതും ഇതിനായി സ്മാർട്ട് ക്ലാസ് മുറികൾ, ഡിജിറ്റൽ ലൈബ്രറികൾ, സമകാലിക പാഠ്യ പദ്ധതി എന്നിവ ഏർപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുമാണ്.

- ഓൺ ലൈൻ സർട്ടിഫിക്കറ്റ നൽകുന്നതിനും മറ്റ് പരിഷ്കാരങ്ങൾക്കും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ സർവ്വകലാശാലകൾ പറഞ്ഞിട്ടുള്ളത് വളരെ വേഗം തന്നെ

പ്രാവർത്തികമാക്കേണ്ടതാണ്. വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ സേവനങ്ങളും, അപേക്ഷ സ്വീകരിക്കൽ മുതൽ സർട്ടിഫിക്കറ്റുകൾ നൽകുന്നത് വരെയുള്ളത്, അടുത്ത 6 മാസത്തിനുള്ളിൽ ഓൺലൈനായി നൽകിയിരിക്കണം. വൈസ് ചാൻസലർമാർ എല്ലാ മാസവും ഇതിന്റെ പ്രവർത്തനം വിലയിരുത്തുകയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

- പി എച്ച് ഡി പ്രബന്ധങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഗവേഷണ പ്രബന്ധങ്ങളുടെ മൂല്യ നിർണ്ണയത്തിനായി വിദേശ റഫെറിയെയും നിയോഗിക്ക ണം. പ്ലാഗിയാറിസം ചെക്കിനു കുറ്റമറ്റ സോഫ്റ്റ് വെയർ ഏർപ്പെടുത്തേണ്ടതാണ്.

- പ്രകൃതിസൗഹൃദ പദ്ധതികൾ, എക്സ്റ്റൻഷൻ പ്രോഗ്രാമുകൾ, വിദേശ സർവ്വകലാശാലകളുമായുള്ള സഹകരണം, ധാരണാ പത്രങ്ങൾ എന്നിവക്കു പ്രാധാന്യം നൽകേണ്ടതാണ്.

- അധ്യാപകർ പഠന വകുപ്പിലെ ഉത്തരവാദിത്തം നിറവേറ്റാതെ സർവകലാശാലകൾ സ്ഥാപിച്ചിട്ടുള്ള അക്കാദമിക കേന്ദ്രങ്ങളിൽ മാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അനുവദിക്കുവാൻ പാടുള്ളതല്ല. അതു പോലെ തന്നെ ഗവേഷണ നേട്ടങ്ങൾ അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നതിനും നിശ്ചിത എണ്ണം പ്രസിദ്ധീകരണങ്ങൾ അദ്ധ്യാപകർക്ക് നിർബന്ധമാക്കുന്നതിനും വൈസ് ചാൻസലർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- സർവ്വകലാശാലകളുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി കർമ്മപദ്ധതി തയ്യാറാ ക്കേണ്ട താണ്.

- സർവ്വകലാശാലകൾ സമർപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കുന്നതും അംഗീകാരത്തിന് ശേഷം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

- സർവ്വകലാശാലകൾ അടുത്ത 10 വർഷത്തേക്കുള്ള (Perspective Plan) പ്രവർത്ത ഗവേഷണ – അക്കാദമിക – വികസന പദ്ധതികൾ തയ്യാറാക്കി സമർപ്പിയ്ക്കണം. ഭാവി പ്രവർത്തനങ്ങളെല്ലാം ഈ പദ്ധതി പ്രകാരമായിരിക്കണം നടപ്പിലാക്കേണ്ടത്.

- സർവ്വകലാശാലകളുടെ ഓരോ കോഴ്സിന്റെയും സിലബസ് ഏകദേശം 75% മെങ്കിലും സമാനമാക്കിയാൽ Equivalency Issue ഉണ്ടാകില്ല. ഇതിനു മുന്നോടിയായി ആവശ്യമായ വർക്ക്ഷോപ്പുകൾ നടത്താൻ ഹയർഎഡ്യുക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തുന്നു. ഈ വർഷത്തെ ഏപ്രിൽ/മെയ് മാസങ്ങളിൽ ഇത് നടത്തണം.

- സ്റ്റുഡന്റ്സ് ഗ്രീവൻസ് സെൽ നിർബന്ധമായും ഓൺലൈൻ ആക്കിയിരിക്കണം.

- എല്ലാ സർട്ടിഫിക്കറ്റുകളും 6 മാസത്തിനകം ഓൺലൈൻ ആയി നൽകാൻ നടപടികൾ പൂർത്തിയാക്കണം.

- വിദ്യാർത്ഥികളുടെ ഫീസ് പേയ്മെന്റിനോടൊപ്പം ആപ്ലിക്കേഷനും ഓൺലൈൻ ആയിത്തന്നെ സബ്മിറ്റ് ചെയ്യാൻ നിർബന്ധമായും സംവിധാനം ഉണ്ടാകണം.

- യു.ജി.സി. മാർഗ്ഗരേഖ അനുസരിച്ച് അദ്ധ്യാപകരുടെ ടീച്ചിംഗ് എഫക്ടീവ് ഇൻഡക്സ് നിർണ്ണയിച്ച് അറിയിക്കണം.

- ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ എല്ലാ സർവ്വകലാശാലകളിലേയും ഗവേഷകർക്ക് പ്രയോജനപ്പെടുത്തണം.

- മാർച്ച് ആദ്യവാരം ഉന്നതവിദ്യാഭ്യാസവകുപ്പിലേയും ഉന്നത വിദ്യാഭ്യാസ

വകുപ്പ് മന്ത്രിയുടെ ഓഫീസിലെയും ഉയർന്ന ഉദ്യോഗസ്ഥർ യൂണിവേഴ്സിറ്റികൾ സന്ദർശിച്ച് പ്രവർത്തന അവലോകനം നടത്തുന്നതാണ്. ।

- എല്ലാ സർവ്വകലാശാലകളും വിദ്യാർത്ഥികളുമായും അദ്ധ്യാപകരുമായും ബന്ധപ്പെട്ട വിഷയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തണം.

**സെക്ഷൻ ഓഫീസർ**